ഹദീസ്

ടി.ഇ.എം റാഫി വടുതല

# വിജയവീഥിയിലെ വഴിവെളിച്ചം

وَعَنْ أَبِي هُرَيْرَةَ رضى الله عنه قَالَ: قَالَ رَسُولُ اَللَّهِ صلى الله عليه وسلم: اَلْمُؤْمِنُ اَلْقَوِيُّ خَيْرٌ وَأَحَبُّ إِلَى اَللَّهِ عَزَّوَجَلَّ مِنَ اَلْمُؤْمِنِ اَلضَّعِيفِ. وَفِي كُلٍّ خَيْرٌ اِحْرِصْ عَلَى مَا يَنْفَعُكَ وَاسْتَعِنْ بِاَللَّهِ عَزَّوَجَلَّ وَلَا تَعْجَزْ وَإِنْ أَصَابَكَ شَيْءٌ فَلَا تَقُلْ: لَوْ أَنِّي فَعَلْتُ كَانَ كَذَا وَكَذَا. وَلَكِنْ قُلْ: قَدَّرَ اَللَّهُ وَمَا شَاءَ فَعَلَ فَإِنَّ لَوْ تَفْتَحُ عَمَلَ اَلشَّيْطَانِ (مُسْلِمٌ).

**അബൂഹുറയ്‌റ(റ)യിൽനിന്ന്: നബി(സ) പറഞ്ഞു: ശക്തനായ മുസ്‌ലിം ദുർബലനായ മുസ്‌ലിമിനേക്കാൾ ഉത്തമനും അല്ലാഹുവിന് ഏറെ ഇഷ്ടപ്പെട്ടവനുമാണ്. എല്ലാവരിലും നന്മയുണ്ട്. നിനക്കുപകാരപ്പെടുന്നതൊക്കെയും ആഗ്രഹിക്കുക. പ്രതാപിയും മഹാനുമായ അല്ലാഹുവിനോട് സഹായമഭ്യർഥിക്കുക. നീ ദുർബലനായി പോകരുത്. നിനക്കെന്തെങ്കിലും ബാധിച്ചാൽ 'ഞാൻ അങ്ങനെ ചെയ്തിരുന്നെങ്കിൽ ഇപ്രകാരമൊക്കെ ആകുമായിരുന്നു' എന്ന് നീ പറയരുത്. പകരം 'അല്ലാഹു കണക്കാക്കിയ വിധി, അവനുദ്ദേശിച്ചത് നടന്നു' എന്ന് പറയുക. കാരണം 'അങ്ങനെ ചെയ്തിരുന്നുവെങ്കിൽ' എന്ന പ്രയോഗം പിശാചിന്റെ പ്രവർത്തനങ്ങൾക്ക് വാതിൽ തുറന്നു കൊടുക്കുന്നതാണ് (മുസ്‌ലിം).**

ഐഹികവും പാരത്രികവുമായ സർവതോമുഖ വിജയമാണ് വിശ്വാസിയുടെ ലക്ഷ്യം. ഇഹലോകത്തിന്റെയും പരലോകത്തിന്റെയും സർവ നന്മകളും ലഭിക്കുക എന്നത് വിശ്വാസിയുടെ നിരന്തര പ്രാർഥനയാണ്. ഈ നേട്ടം കൈവരിക്കാൻ വിശ്വാസിക്ക് വേണ്ടത് മനശ്ശക്തി തന്നെ. ശരീരത്തിന്റെ ദൗർബല്യങ്ങളെ പലപ്പോഴും പലരും മറികടക്കുന്നത് ആദർശത്തിന്റെയും അതുവഴിയുള്ള ഹൃദയശക്തിയും കൊണ്ടാണ്. മരവിച്ച മനസ്സുള്ളവന്റെ ശരീര വലിപ്പം വിജയത്തിലേക്ക് വഴിതെളിച്ചുകൊള്ളണമെന്നില്ല. ഇടിക്കൂട്ടിലെ ഗുസ്തിക്കാരനും സർക്കസ് കൂടാരത്തിലെ അഭ്യാസിയും ശരീരത്തെ പാകപ്പെടുന്നതിനു മുമ്പ് ക്രമീകരിക്കുന്നതും മനസ്സിനെ തന്നെയാണ്. ലക്ഷ്യമുദ്ദേശിച്ച് മനസ്സുവെച്ചാൽ ശരീരം അതിന് പാകപ്പെട്ടുകൊള്ളും. പ്രപഞ്ചനാഥനായ അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടതും ഈ ശക്തനായ വിശ്വാസിയെ തന്നെ.

വിശ്വാസി ആത്മനിന്ദ അനുഭവിക്കുന്നവനല്ല. പ്രത്യുത എന്നും ആത്മാഭിമാനമുള്ളവനായിരിക്കും. ഒരു കഴിവും യോഗ്യതയുമില്ലാത്ത ഒരു മനുഷ്യനെയും അല്ലാഹു സൃഷ്ടിച്ചിട്ടില്ല. ഒരു ദൗർബല്യമുണ്ടെങ്കിൽ അതിനെ മറികടക്കുന്ന ധാരാളം യോഗ്യതകൾ സ്രഷ്ടാവു തന്നെ അവനു നൽകിയിട്ടുണ്ട്. പക്ഷേ, ഓരോരുത്തരും അവരവരുടെ അഭിരുചിയും കഴിവും തിരിച്ചറിയണം എന്നുമാത്രം. പ്രപഞ്ചത്തിൽ അതിന് ധാരാളം ഉദാഹരണങ്ങളുണ്ട്. കഴുകൻ ഉയരങ്ങളിൽ പറക്കും. പക്ഷേ, അതിന് താറാവിനെപോലെ വെള്ളത്തിൽ നീന്താൻ കഴിയില്ല. താറാവിനു ഉയരങ്ങളിൽ പറക്കാനും കഴിയില്ല. ഒട്ടകപ്പക്ഷി അതിവേഗം ഓടും. പക്ഷേ, കുയിലിനെ പോലെ പാടാൻ കഴിയില്ല. കുയിൽ പാടും. പക്ഷേ, അതിനു മയിലിനെ പോലെ പീലിവിരിച്ച് നൃത്തമാടാൻ കഴിയില്ല. നൃത്തം ചവിട്ടുന്ന മയിലിനു പൊന്മാനെ പോലെ മീൻപിടിക്കാനും കഴിയില്ല. അപ്പോൾ അപരനെ നോക്കി ദൗർബല്യം കണ്ടെത്തുകയല്ല, സ്വന്തത്തെ വിലയിരുത്തി കഴിവു കണ്ടെത്തുകയാണ് വേണ്ടത്. ശേഷം അത് പരിപോഷിപ്പിക്കാൻ കൂടുതൽ ഊർജസ്വലനാവുക. അതിലൂടെയാണ് കഴിവുറ്റ പണ്ഡിതനും പ്രസംഗകനും ഡോക്ടറും എഞ്ചിനീയറും എല്ലാമുണ്ടാവുക. എല്ലാവരിലും നന്മയുണ്ട്, നിനക്ക് ഗുണം ഭവിക്കുന്നതൊക്കെയും നീ ആഗ്രഹിക്കുക എന്ന പ്രവാചക നിർദേശത്തിലെ അകംപൊരുളും അതു തന്നെ.

അല്ലാഹുവിൽ അർപ്പിച്ച് മുന്നോട്ടുപോകുന്ന വിശ്വാസിക്ക് ഇഛാഭംഗം നേരിടരുത്. ഉദാസീനനായി മനോവീര്യം നഷ്ടപ്പെട്ട് കാലിടറി വീഴരുത്. ലക്ഷ്യം വിദൂരവും മാർഗം ദുർഘടവുമായിരിക്കാം. സർവനിയന്ത്രകനും നിത്യ ജീവത്തായവനുമായ അല്ലാഹുവിൽ പ്രത്യാശ പുലർത്തിയ വിശ്വാസി അശക്തനാകരുത്. മുറുകെ പിടിച്ച ദൈവിക പാശം ഒരിക്കലും അറ്റുപോവുകയില്ല. അതിനാൽ നീ അശക്തനാകരുത് എന്ന പ്രവാചക മൊഴിയുടെ പാഠം പ്രത്യേകം ശ്രദ്ധിക്കുക. പീഡനപർവങ്ങളിലും പ്രതീക്ഷ കൈവിടാതെ കഅ്ബാലയത്തിന്റെ തണലിൽ ഇരുന്ന് പ്രശാന്ത സുന്ദര ലോകം സ്വപ്നം കണ്ടവരാണ് വിശ്വാസികൾ. ആ സ്വപ്നം സഫലമാക്കിയവരും.

ലക്ഷ്യപ്രാപ്തിയിലേക്കുള്ള മുന്നേറ്റത്തിൽ അല്ലാഹുവിന്റെ ഏതു വിധിയിലും വിശ്വാസിക്ക് സംതൃപ്തിയുണ്ടാകണം. 'ഞാൻ അങ്ങനെ ചെയ്തിരുന്നെങ്കിൽ ഇങ്ങനെയൊക്കെ ആകുമായിരുന്നു' എന്ന ചിന്ത ഒരിക്കലും പിടികൂടരുത്. പടച്ചവനെ സംബന്ധിച്ച സന്ദേഹവാദിയല്ല വിശ്വാസി. ഞാൻ എന്റെ കഴിവിന്റെ പരമാവധി പരിശ്രമിച്ചു. എന്റെ നാഥനോ, എന്റെ നന്മ ഉദ്ദേശിച്ച അത്രയും സഹായിച്ചു. അൽഹംദു ലില്ലാഹ്. ഭാവിയിൽ ഇതിനേക്കാൾ ഉയർന്ന പദവിയിൽ എത്താൻ പരിശ്രമിക്കും. പരമകാരുണികനോ അവന്റെ അനുഗ്രഹം ഇനിയുമേറെ ചൊരിയും. ഈ ആത്മപ്രകാശം കൊണ്ട് നിരാശയുടെ ഇരുട്ടിനെ ജീവിതപാതയിൽനിന്ന് വകഞ്ഞുമാറ്റണം. ഇബ്‌ലീസ് മനുഷ്യന്റെ ജന്മശത്രുവാണ്. ആ ദുശ്ശക്തിയാകട്ടെ മനുഷ്യനെ മോഹഭംഗത്തിലേക്കും ആത്മനിന്ദയിലേക്കും അതുവഴി ഐഹികവും പാരത്രികവുമായ പരാജയത്തിലേക്കുമുള്ള നിഗൂഢമായ വാതിലുകൾ തുറന്നിടുകയുമാണ് ചെയ്യുന്നത്. ●